**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **06-07-2022 - ൽ മറുപടിയ്ക്ക്**

**വൃക്കമാറ്റിവയ്ക്കലിനെ തുടർന്ന് രോഗി മരിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളജിൽ വൃക്കമാറ്റിവയ്ക്കൽ വൈകിയതിനെ തുടർന്ന് രോഗി മരിച്ച സംഭവത്തെ സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് രോഗി മരിച്ച സംഭവം സർക്കാർ ഗൗരവത്തോടെ തന്നെയാണ് കാണുന്നത്. |
| (ബി) | ഈ സംഭവത്തിൽ ഡോക്ടർമാരുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്ന് ഏകോപനത്തിലും ഉത്തരവാദിത്തം നിറവേറ്റുന്നതിലും വീഴ്ചയുണ്ടായതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്ക് എതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സംഭവത്തിന്മേൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തി വരികയാണ്. സംഭവവുമായി ബന്ധപ്പെട്ട് നെഫ്രോളജി, യൂറോളജി എന്നീ വകുപ്പ് മേധാവികളെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഭവം സംബന്ധിച്ച് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത സംഭവത്തിന്മേൽ അഡീഷണൽ ചീഫ് സെക്രട്ടറി അന്വേഷണം നടത്തി വരികയാണ്. അന്വേഷണം പൂർത്തിയായിട്ടില്ല. |
| (ഡി) | മെഡിക്കൽ കോളേജ് അധികൃതർ ഏകോപനത്തിൽ വീഴ്ച വരുത്തിയത് മൂലം ഉണ്ടായതായി പറയപ്പെടുന്ന സംഭവത്തിന്റെ പേരിൽ വൃക്കയുമായി വന്ന ആംബുലൻസിലെ ജീവനക്കാർക്കെതിരെ മെഡിക്കൽ കോളേജ് അധികൃതർ പോലീസിന് പരാതി നൽകാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | കൊച്ചിയിൽ നിന്നും വൃക്ക കൊണ്ട് വന്ന ആംബുലൻസിലെ ജീവനക്കാർക്കെതിരെയല്ല മെഡിക്കൽ കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ